# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ 720**

**03/12/2014-ൽ മറുപടിക്ക്**

## പനി ബാധിച്ച് മരണപ്പെടുന്നവരുടെ എണ്ണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. കോടിയേരി ബാലകൃഷ്ണൻ** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ സംസ്ഥാനത്ത് വിവിധതരം പനികൾ ബാധിച്ച് എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; | എ) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) പനി ബാധിച്ച് മരണപ്പെടുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | ബി) പരിശോധിച്ചിട്ടുണ്ട്. |
| സി) ഉണ്ടെങ്കിൽ പനി ബാധിച്ചുള്ള മരണങ്ങൾ തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | സി) <br>• രോഗം കാലേക്കൂട്ടി കണ്ടുപിടിച്ച് ശരിയായ ചികിൽസ നൽകിയാൽ രോഗം ഭേദമാക്കാനും മരണം ഒഴിവാക്കാനും സാധിക്കും. ഇതിനുവേണ്ടി ദിവസേനയും, ആഴ്ചതോറും ഫീൽഡ് തലത്തിലും ആശുപത്രി-പ്രാഥമികാരോഗ്യ കേന്ദ്രതലത്തിലും ഉള്ള രോഗ നിരീക്ഷണം ഊർജ്ജിതപ്പെടുത്തി.<br>• ആശുപത്രികളിൽ ഫീവർ ക്ലിനിക്, ഫിവർ വാർഡ് എന്നിവ സജ്ജീകരിച്ച് പനിബാധിതർക്ക് അനുയോജ്യമായ ചികിൽസ നൽകി.<br>• ഐ.ജി.എം.എലിസ പരിശോധന ഉൾപ്പെടെയുള്ള ലബോറട്ടറി പരിശോധനാസംവിധാനം മെച്ചപ്പെടുത്തിയതു വഴി പനി ഏതു തരത്തിലുള്ളതാണെന്ന് ഉറപ്പാക്കുവാനും ശരിയായ ചികിൽസ നൽകാനും സാധിക്കുന്നു. |

- വിവിധ തരം പനികളുടെ ചികിൽസ സംബന്ധിച്ച അംഗീകൃത ചികിൽ സാമാർഗരേഖകൾ/പ്രോട്ടോകോളുകൾ മെഡിക്കൽ കോളേജുകളിലും, സ്വകാര്യ ആശുപത്രികളിലും, മറ്റ് സർക്കാർ ആശുപത്രികളിലും ലഭ്യമാക്കി.
- മരുന്നുകളുടേയും അനുബന്ധ ചികിൽസാ സൗകര്യങ്ങളുടേയും ലഭ്യത ഉറപ്പു വരുത്തി.

സെക്ഷൻ ഓഫീസർ

District wise Death details due to communicable diseases(2011 May - 2014 Nov-28)

| Districts | Fever | Con:Dengue | Con:Leptospirosis | Con:Malaria | Con:Hepatitis-A | Japanese Encephalitis | H1N1 | Typhoid |
|---|---|---|---|---|---|---|---|---|
| TVM | 30 | 13 | 4 | 0 | 0 | 0 | 7 | 0 |
| KLM | 9 | 7 | 5 | 1 | 0 | 1 | 9 | 0 |
| PTA | 0 | 9 | 9 | 0 | 0 | 0 | 0 | 0 |
| IDK | 4 | 4 | 3 | 2 | 1 | 0 | 0 | 0 |
| KTM | 1 | 9 | 14 | 0 | 3 | 1 | 0 | 0 |
| ALP | 0 | 2 | 13 | 0 | 2 | 1 | 0 | 0 |
| EKM | 1 | 5 | 14 | 1 | 1 | 0 | 0 | 0 |
| TSR | 18 | 2 | 21 | 2 | 2 | 1 | 3 | 0 |
| PKD | 3 | 4 | 9 | 0 | 1 | 0 | 3 | 0 |
| MLP | 2 | 3 | 13 | 2 | 12 | 0 | 7 | 0 |
| KKD | 2 | 0 | 6 | 0 | 6 | 0 | 4 | 0 |
| WYD | 0 | 0 | 9 | 0 | 1 | 0 | 4 | 1 |
| KNR | 0 | 2 | 2 | 1 | 2 | 1 | 1 | 0 |
| KSD | 2 | 3 | 14 | 0 | 0 | 0 | 2 | 1 |
| Kerala | 72 | 63 | 136 | 9 | 31 | 5 | 40 | 2 |

IDSP,SSU,Kerala